**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2965** **10-03-2025 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി പദ്ധതികളുടെ പുരോഗതിയെ സംബന്ധിച്ച അവലോകനയോഗങ്ങൾ വിവിധ തലങ്ങളിൽ സമയബന്ധിതമായി ചേരുന്നു. ഇത്തരത്തിൽ ജനപ്രതിനിധികളുടെയും, ജില്ലാ കളക്ടർമാരുടെയും, ഉദ്യോഗസ്ഥതലത്തിലും പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നു. ബഹു. എംഎൽഎ അധ്യക്ഷനായി ഉപദേശക സമിതികളിൽ മണ്ഡല അടിസ്ഥാനത്തിൽ ജല അതോറിറ്റി ഉദ്യോഗസ്ഥരുടെയും, ജനപ്രതിനിധികളുടെയും, മറ്റിതര വകുപ്പ് ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ പ്രവർത്തികളുടെ പുരോഗതിയെ സംബന്ധിച്ച ചർച്ച നടത്തുകയും, സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള വഴികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ പദ്ധതികൾക്കായി റോഡ് കുഴിക്കുന്നതിനും, ഭൂമി ലഭ്യമാക്കുന്നതിനും ബഹു. ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ യോഗങ്ങൾ ചേരുന്നു. ജില്ലാ വികസന സമിതി, DICC യോഗങ്ങൾ എന്നിവയിൽ പ്രവർത്തികളെ സംബന്ധിച്ച വിലയിരുത്തലുകളും അവയുടെ പുരോഗതിയെ സംബന്ധിച്ചും പ്രശ്നങ്ങളും പരിഹാരങ്ങളും ചർച്ച ചെയ്യപ്പെടുന്നു. കൂടാതെ എല്ലാ പ്രവർത്തികളെയും സംബന്ധിച്ച് വിശദമായ വിശകലനയോഗം കേരള വാട്ടർ അതോറിറ്റിയുടെ ഹെഡ് ഓഫീസ് തലത്തിൽ നടത്തുന്നുണ്ട്. ജലവിഭവ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്നും ജില്ലാ അടിസ്ഥാനത്തിൽ പ്രവർത്തികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. ഇത്തരത്തിൽ ജനപ്രതിനിധികളുടെയും, മറ്റിതര വകുപ്പുകളുടെയും സഹകരണത്തോടെ സംസ്ഥാനത്തെ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നിരന്തരമായി പ്രവർത്തനങ്ങൾ സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എല്ലാ ഭവനങ്ങളിലും ശുദ്ധജലം എത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കുമോ? | (ബി) | സംസ്ഥാനത്തെ എല്ലാ ഭവനങ്ങളിലും ശുദ്ധജലം എത്തിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളിൽ ജലജീവൻ മിഷൻ പദ്ധതിയും നഗരപ്രദേശങ്ങളിൽ അമൃത് പദ്ധതിയും കേന്ദ്ര സംസ്ഥാന സംയോജിത നിലയിൽ വിഭാവനം ചെയ്തിട്ടുണ്ട്.<br><br>1. നിലവിലെ അമൃത് 2.0 പദ്ധതിയിൽ അനുവദിച്ച തുകയിൽ ഏകദേശം 4.35 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇത് പൂർത്തിയാകുന്നതോടുകൂടി നഗരപ്രദേശ ങ്ങളിൽ ഏകദേശം 63.5% ഭവനങ്ങളിൽ കുടിവെള്ളം ലഭ്യമാകും.<br><br>2. ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ഗ്രാമീണവീടുകൾക്കും കുടിവെള്ള കണക്ഷനുകൾ നൽകുന്നത് ലക്ഷ്യമിട്ട് 54.45 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 44714.79 കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി ലഭ്യമായിട്ടുള്ളത്. ഇതിൽ നാളിതുവരെ 20.85 ലക്ഷം കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതോടെ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെ 55% വീടുകളിൽ കുടിവെള്ള കണക്ഷനുകൾ നൽകിക്കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ